REGIONAL NEWS UNIT, ALL INDIA RADIO, CALICUT
ആകാശവാണി
പ്രാദേശിക വാർത്തകൾ

തിയ്യതി: 09-10-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്ര മോദിയും ബ്രിട്ടീഷ് പ്രധാനമന്ത്രി കെയർ സ്റ്റാമറും ഇന്ന് മുംബൈയിൽ കൂടിക്കാഴ്ച്ച നടത്തും.**
- **രാജ്യത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 60 ദിവസത്തെ പുകയില രഹിത യുവജന ദേശീയ പ്രചാരണം 3.0 ഇന്ന് ആരംഭിക്കും.**
- **പ്രധാനമന്ത്രിയുമായും, ആഭ്യന്തര മന്ത്രിയുമായും ചർച്ചകൾക്കായി മുഖ്യമന്ത്രി പിണറായി വിജയൻ ഡൽഹിയിൽ എത്തി.**
- **ബയോ കണക്റ്റ് 3.0 രാജ്യാന്തര കോൺക്ലേവ് ഇന്ന് തിരുവനന്തപുരത്ത് ആരംഭിക്കും.**
- **ICC വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഉച്ച കഴിഞ്ഞ് ദക്ഷിണാഫ്രിക്കയെ നേരിടും.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദിയും ബ്രിട്ടീഷ് പ്രധാനമന്ത്രി കെയർ സ്റ്റാമറും ഇന്ന് മുംബൈയിൽ കൂടിക്കാഴ്ച്ച നടത്തും. രണ്ട് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി ബ്രിട്ടീഷ് പ്രധാനമന്ത്രി ഇന്നലെയാണ് മുംബൈയിലെത്തിയത്. 'വിഷൻ 2035' ന് അനുസൃതമായി ഇന്ത്യ-UK സമഗ്ര പങ്കാളിത്തത്തിന്റെ വിവിധ വശങ്ങളിലെ പുരോഗതി ഇരു പ്രധാനമന്ത്രിമാരും വിലയിരുത്തും. രണ്ട് രാജ്യങ്ങളിലെയും ബിസിനസ്, വ്യവസായ പ്രമുഖർ തുടങ്ങിയവരുമായും അവർ സംവദിക്കും. ഇന്ന് മുംബൈയിലെ ആറാമത് ഗ്ലോബൽ ഫിൻടെക് ഫെസ്റ്റിൽ മോദിയും, സ്റ്റാർമറും പങ്കെടുക്കും.

✪✪✪

കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം കുടുംബക്ഷേമ മന്ത്രാലയ വുമായി ചേർന്ന് ഇന്നു മുതൽ 60 ദിവസത്തെ പുകയില രഹിത യുവജന ദേശീയ പ്രചാരണം 3.0 ആരംഭിക്കും. പുകയില രഹിത തലമുറ എന്ന ഗവൺമെന്റിന്റെ കാഴ്ചപ്പാടിലേക്ക് സുപ്രധാന ചുവടു വയ്പ്പായിരിക്കും ദേശീയതല പ്രചാരണമെന്ന് വിദ്യാഭ്യാസ മന്ത്രാലയം അറിയിച്ചു.

ഒരു റിപ്പോർട്ട്...

.......വോയ്സ്.......

പുകയില ഉപയോഗം തടയാനും, പുകവലി ഉപേക്ഷിക്കാൻ ആഗ്രഹിക്കുന്നവരെ പിന്തുണയ്ക്കാനും സ്കൂളുകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, ശക്തമായ ആരോഗ്യ-ക്ഷേമ സംസ്കാരം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് രണ്ട് മാസത്തെ ബോധവത്കരണ പ്രചാരണം.

2019ലെ ഗ്ലോബൽ യൂത്ത് ടുബാക്കോ സർവേ റിപ്പോർട്ട് അനുസരിച്ച് 13 നും 15 നും ഇടയിൽ പ്രായക്കാരായ വിദ്യാർത്ഥികളിൽ 8.4 ശതമാനം പേർ പുകയില ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നുണ്ട്. പുകയില ഉപയോഗിച്ച് തുടങ്ങുന്നവരുടെ ശരാശരി പ്രായം വെറും 10 വയസ്സാണെന്നും സർവേ റിപ്പോർട്ടിൽ പറയുന്നു. ഈ അപകടസാധ്യത തിരിച്ചറിഞ്ഞാണ് സുസ്ഥിര അവബോധം, പ്രതിരോധം, നിർവ്വഹണ നടപടികൾ എന്നിവ നടപ്പാക്കാൻ വിദ്യാഭ്യാസ മന്ത്രാലയം തീരുമാനിച്ചത്. പ്രചാരണത്തിന്റെ ഭാഗമായി, പുകയില വിരുദ്ധ ക്വിസ്, മൈ ഗവൺമെന്റ് പ്ലാറ്റ്ഫോമിലെ സ്കൂൾ ചലഞ്ച്, വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ്, പിന്തുണാ സെഷനുകൾ എന്നിവയുൾപ്പെടെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.

✪✪✪

രാജ്യസേവനത്തിന്റെ 25-ാം വർഷത്തിലേക്ക് കടന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയ്ക്ക് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ ആശംസ നേർന്നു. രാജ്യം ആദ്യം' എന്ന പ്രധാനമന്ത്രിയുടെ ദർശനം ഇന്ത്യയെ നാലാമത്തെ വലിയ സമ്പദ്വ്യവസ്ഥയാക്കി മാറ്റിയതായി രാധാകൃഷ്ണൻ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ഔഷധ നിർമ്മാതാക്കൾ ഓരോ ബാച്ച് മരുന്നും വിപണിയിലേക്ക് അയക്കുന്നതിന് മുമ്പ് ഗുണനിലവാരം ഉറപ്പാക്കാൻ നടപടിയെടുക്കണമെന്ന് കേന്ദ്രം സംസ്ഥാന ഡ്രഗ്സ് കൺട്രോളർമാർക്ക് നിർദേശം നൽകി. മരുന്നുകൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ വിശ്വസനീയമായ

സ്ഥാപനങ്ങളിൽ നിന്നാണ് വാങ്ങുന്നതെന്ന് ഉറപ്പാക്കാൻ നിർമ്മാതാക്കളെ ബോധവത്കരിക്കണമെന്നും ഹെൽത്ത് സർവീസ് ഡയറക്ടറേറ്റ് ജനറൽ അയച്ച കത്തിൽ ആവശ്യപ്പെട്ടു.

✪✪✪

കേരളം അടക്കം അഞ്ച് സംസ്ഥാനങ്ങളിലും ഡൽഹിയിലും 40 ഇടങ്ങളിൽ സൈബർ തട്ടിപ്പുകളുമായി ബന്ധപ്പെട്ട് CBI റെയ്ഡ് നടത്തി. ഓപ്പറേഷൻ ചർക്ക - 5 നടപടിയുടെ ഭാഗമായാണ് പരിശോധന ഉണ്ടായത്. ഡിജിറ്റൽ അറസ്റ്റ്, അക്കൗണ്ട് ദുരുപയോഗം, ഹവാല ഇടപാടുകൾ എന്നിവ സംബന്ധിച്ച തെളിവുകൾ പരിശോധനയിൽ കണ്ടെത്തി. കംബോഡിയ അടക്കം വിദേശ രാജ്യങ്ങളിൽ നിന്നാണ് പല സൈബർ തട്ടിപ്പുകളും ആസൂത്രണം ചെയ്യുന്നതെന്നും CBI അറിയിച്ചു. തട്ടിപ്പ് ശൃംഖലയിലെ 40 ഓളം പേരെ തിരിച്ചറിയാൻ കഴിഞ്ഞതായി CBI കേന്ദ്രങ്ങൾ ഡൽഹിയിൽ അറിയിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുമായും, ആഭ്യന്തര മന്ത്രി അമിത് ഷായുമായും നിർണായക ചർച്ചകൾക്കായി മുഖ്യമന്ത്രി പിണറായി വിജയൻ ഡൽഹിയിൽ എത്തി. ഇന്ന് അമിത് ഷായുമായി കൂടിക്കാഴ്ച നടത്തുന്ന മുഖ്യമന്ത്രി നാളെ പ്രധാനമന്ത്രിയെ കാണും.

മന്ത്രിമാരായ KN ബാലഗോപാൽ, മുഹമ്മദ് റിയാസ്, ചീഫ് സെക്രട്ടറി തുടങ്ങിയവർ മുഖ്യമന്ത്രിക്ക് ഒപ്പമുണ്ട്. വയനാടിന് കൂടുതൽ കേന്ദ്ര സഹായം, കേരളത്തിന് എയിംസ് തുടങ്ങിയ വിഷയങ്ങൾ ചർച്ചയിൽ മുഖ്യമന്ത്രി ഉന്നയിക്കും.

✪✪✪

ജനങ്ങളിൽ നിന്ന് വികസന നിർദ്ദേശങ്ങളും ആശയങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുന്ന ‘നവകേരളം - സിറ്റിസൺ റെസ്പോൺസ് പ്രോഗ്രാം ‘ അടുത്ത ജനുവരി ഒന്നു മുതൽ ഫെബ്രുവരി 28 വരെ നടത്താൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു. ഇതിനായി നാലംഗ സംസ്ഥാന തല ഉപദേശക സമിതിയും സംസ്ഥാന നിർവഹണ സമിതിയും രൂപീകരിക്കും.

ഗവൺമെന്റ് ഏറ്റുടുത്ത കണ്ണൂർ പരിയാരം മെഡിക്കൽ കോളജിലെ 237 ജീവനക്കാരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് ആഗിരണം ചെയ്യാനും മന്ത്രിസഭായോഗം തീരുമാനിച്ചു.

ആലപ്പുഴയിൽ പുതിയ സബ്ജയിൽ ആരംഭിക്കാനും, അട്ടക്കുളങ്ങര വനിതാ ജയിൽ തിരുവനന്തപുരം സെൻട്രൽ ജയിലിലെ പഴയ വനിതാ ബ്ലോക്കിലേക്ക് മാറ്റി സ്ഥാപിക്കാനും മന്ത്രിസഭായോഗം അനുമതി നൽകി.

വയനാട് ഗവൺമെന്റ് മെഡിക്കൽ കോളജിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിക്കാൻ 15 അധ്യാപക തസ്തിക സൃഷ്ടിക്കാനും മന്ത്രസഭായോഗം അംഗീകാരം നൽകി. മുണ്ടക്കൈ-ചൂരൽമല ദുരന്തം നേരിട്ട 74 കുടുംബങ്ങളെ സഹായിക്കാൻ 90 ലക്ഷത്തിൽ പരം രൂപയുടെ മൈക്രോ പ്ലാൻ പദ്ധതിക്കും മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചു.

കാസർകോട് മുണ്ടെമാട് പാലം നിർമ്മാണത്തിന് 11 കോടിയിൽ പരം രൂപയുടെ ടെണ്ടറിനും മന്ത്രിസഭായോഗം അംഗീകാരം നൽകി.

✪✪✪

ശബരിമല സ്വർണപ്പാളി വിഷയത്തിൽ പ്രതിപക്ഷ പ്രതിഷേധം കൂടുതൽ ശക്തമാകുന്ന പശ്ചാത്തലത്തിലാണ് പതിനഞ്ചാം നിയമസഭയുടെ പതിന്നാലാം സമ്മേളനം അവസാന രണ്ടു ദിവസങ്ങളിലേക്കു കടക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി.

(വോയ്സ് ............)

തിങ്കൾ, ചൊവ്വ ദിവസങ്ങളിലും പ്രതിപക്ഷം ചോദ്യോത്തര വേള തടസപ്പെടുത്തിയിരുന്നു എങ്കിലും കൂടുതൽ ശക്തമായ പ്രതികരണങ്ങളായിരുന്നു ഇന്നലെ ഇരുഭാഗത്തു നിന്നുമുണ്ടായത്. വളരെ ശക്തമായ രീതിയിൽ തന്നെ പ്രതിപക്ഷ നേതാവും മുഖ്യമന്ത്രിയും പ്രതികരിക്കുന്നതും ഇന്നലെ കാണാനായി. ഗുരൂവായൂർ ദേവസ്വം ഭേദഗതി ബിൽ, ഏക കിടപ്പാടം സംരക്ഷണ ബിൽ, പിഎസ് സി ഭേദഗതി ബിൽ, വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ഭേദഗതി ബിൽ എന്നിവയാണ് ഇന്നു സഭ പരിഗണിക്കുന്ന പട്ടികയിലുള്ളത്. ഹൗസ് ബോട്ട് മാലിന്യ പ്രശ്നങ്ങൾ, കണ്ണൂർ മെഡിക്കൽ കോളേജിലെ പ്രശ്നങ്ങൾ തുടങ്ങിയവ ശ്രദ്ധ ക്ഷണിക്കലായും കാര്യപരിപാടിയിലുണ്ട്. അതേ സമയം ദേവസ്വം മന്ത്രി രാജിവെക്കും വരെ സഭാനടപടികളുമായി സഹകരിക്കില്ലെന്ന് ഇന്നലെ പ്രതിപക്ഷ നേതാവ് പ്രഖ്യാപിച്ചിരുന്നു.

✪✪✪

കേരളത്തിലെ ലൈഫ് സയൻസ് മേഖലയുടെ വളർച്ചയ്ക്ക് സഹായകമായ ബയോ കണക്റ്റ് 3.0 രാജ്യാന്തര കോൺക്ലേവ് ഇന്ന് തിരുവനന്തപുരത്ത് ആരംഭിക്കും. വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മെഡിക്കൽ ഉപകരണങ്ങൾ, ന്യൂട്രാ സ്യൂട്ടിക്കൽസ്, ആരോഗ്യവും നിർമ്മിത ബുദ്ധിയും, ആയുർവേദം തുടങ്ങിയ മേഖലകളിൽ പ്രത്യേക സെഷനുകൾ കോൺക്ലേവിൽ ഉണ്ടായിരിക്കും.

കേരളത്തെ ആരോഗ്യ-ബയോടെക് മേഖലകളിലെ ഇന്നൊവേഷൻ ഹബ്ബ് ആക്കുക എന്ന ലക്ഷ്യത്തോടെയാണ് 'Connecting Science to Business' എന്ന പ്രമേയത്തോടെ രണ്ട് ദിവസത്തെ കോൺക്ലേവ് സംഘടിപ്പിക്കുന്നത്.

✪✪✪

ശബരിമല സ്വർണപാളി വിഷയത്തിൽ ദേവസ്വം മന്ത്രി രാജിവെക്കണമെന്നും, സംഭവം CBI അന്വേഷിക്കണമെന്നും ദേവസ്വം ബോർഡ് പിരിച്ചുവിടണമെന്നും ആവശ്യപ്പെട്ട് BJP സംസ്ഥാന വ്യാപകമായി ഇന്ന് ജില്ലാ കളക്ടറേറ്റുകളിലേക്ക് മാർച്ച് നടത്തും.

കണ്ണൂർ നോർത്ത്, സൗത്ത് ജില്ലാ കമ്മിറ്റികളുടെ നേതൃത്വത്തിൽ രാവിലെ കളക്ടറേറ്റ് മാർച്ച് BJP സംസ്ഥാന വൈസ് പ്രസിഡണ്ട് V ഉണ്ണികൃഷ്ണൻ ഉദ്ഘാടനം ചെയ്യും. കോഴിക്കോട്ട് മുൻ സംസ്ഥാന പ്രസിഡന്റ് K സുരേന്ദ്രൻ കളക്ട്രേറ്റ് മാർച്ച് ഉദ്ഘാടനം ചെയ്യും.

✪✪✪

ICC വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ദക്ഷിണാഫ്രിക്കയെ നേരിടും. ഉച്ച കഴിഞ്ഞ് മൂന്നിന് വിശാഖപട്ടണത്താണ് മത്സരം.

ഇന്നലെ കൊളംബോ പ്രേമദാസ സ്റ്റേഡിയത്തിൽ ഓസ്ട്രേലിയ പാകിസ്ഥാനെ 107 റൺസിന് തോൽപ്പിച്ചു. 50 ഓവറിൽ 221 റൺസെടുത്ത ഓസ്ട്രേലിയക്കെതിരെ 36.3 ഓവറിൽ 114 റൺസിന് പാകിസ്ഥാൻ പുറത്തായി.

✪✪✪

കാസർഗോഡ് ജില്ലാതല വികസന സദസ് ഇന്ന് ചെറുവത്തൂരിൽ. ജില്ലയിലെ ആദ്യ വികസന സദസ്സാണിത്.

കാസർകോട്ട് നിന്ന് P ജഗന്നിവാസൻ.

(വോയ്സ് ..........)

✪✪✪

സംസ്ഥാനത്ത് വീടുകളിൽ ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയവർക്ക് കെട്ടിട നികുതിയിൽ അഞ്ച് ശതമാനം ഇളവ് അനുവദിക്കുന്ന ഉത്തരവ് ഗവണ്മെന്റ് പുറത്തിറക്കി.'മാലിന്യമുക്തം നവകേരളം' പ്രവർത്തനങ്ങളുടെ ഭാഗമായാണ് തീരുമാനം.

ശുചിത്വ മിഷൻ അംഗീകരിച്ച ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിച്ച വീടുകൾക്കാണ് ഇളവ് ലഭിക്കുക.

✪✪✪

സംസ്ഥാനത്ത്  വരുംദിവസങ്ങളിൽ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് മഴ സാധ്യത കണക്കിലെടുത്ത് പത്തനംതിട്ട, ഇടുക്കി, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

ഇന്ന് കേരള - ലക്ഷദ്വീപ് - കർണാടക തീരങ്ങളിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് നിർദ്ദേശം നൽകി.

✪✪✪

തിരുവനന്തപുരം ജില്ലയിൽ രണ്ട് പേർക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു. ആറ്റിങ്ങൽ കൊടുമൺ സ്വദേശിയായ 57 കാരനും വർക്കല ഇടവ  സ്വദേശിയായ 34കാരിക്കുമാണ് രോഗം സ്ഥിരീകരിച്ചത്.

രണ്ട് പേരും തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്.

കഴിഞ്ഞ ദിവസം വാമനപുരം, വിഴിഞ്ഞം സ്വദേശികൾക്കും രോഗം സ്ഥിരീകരിച്ചിരുന്നു.  ഇതോടെ ജില്ലയിൽ മൂന്ന് ദിവസത്തിനിടെ അമീബിക് രോഗം സ്ഥിരീകരിച്ചവരുടെ എണ്ണം നാലായി.

✪✪✪

താമരശ്ശേരി ഗവൺമെന്റ് ആശുപത്രിയിൽ ഡോക്ടർക്ക് നേരെയുണ്ടായ ആക്രമണത്തിനെതിരെ കോഴിക്കോട് ജില്ലയിലെ ഗവൺമെന്റ് ആശുപത്രി ഡോക്ടർമാർ ഇന്ന് അവധിയെടുത്ത് പ്രതിഷേധിക്കുമെന്ന് KGMOA അറിയിച്ചു. എന്നാൽ അത്യാഹിത വിഭാഗം പ്രവർത്തിക്കും.

ഡോക്ടർ വിപിന് നേരെയുണ്ടായ ആക്രമണത്തെ MK മുനീർ MLA ശക്തമായി അപലപിച്ചു.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: നിമിഷ ജി*
*DEO: സി കെ സുബോധ്*